Page 1 of 1

നടപ്പിലാക്കിവരുന്നു. ഉൾനാടൻ മത്സ്യകൃഷിക്ക് അനുയോജ്യമായ ജലാശയങ്ങളും കണ്ടെത്തിയിട്ടുണ്ട്. ആയതനുസരിച്ച് 8057.6 ഹെക്ടർ വിസ്തീർണ്ണമുള്ള 64291 ശുദ്ധജലകുളങ്ങളും 2420 ഹെക്ടർ വിസ്തീർണ്ണമുള്ള 2771 ഓരുജല കുളങ്ങളുമുണ്ട്. ഇതിൽ 5074 ഹെക്ടർ വിസ്തീർണ്ണമുള്ള 46369 ശുദ്ധജല കുളങ്ങളിലും 1120 ഹെക്ടർ വിസ്തീർണ്ണമുള്ള 1549 ഓരുജല കുളങ്ങളിലും ഇതിനകം മത്സ്യക്കൃഷി നടപ്പിലാക്കിയിട്ടുണ്ട്. മത്സ്യക്കൃഷിക്ക് ഉപയുക്തമാക്കാൻ കഴിയുന്ന 49077 ഹെക്ടർ വിസ്തീർണ്ണമുള്ള 1012 ശുദ്ധജല പാടശേഖരങ്ങളും 5237 ഹെക്ടർ വിസ്തീർണ്ണമുള്ള 908 ഓരുജലപാടശേഖരങ്ങളും ഉണ്ട്. ഇതിൽ 13300 ഹെക്ടർ വിസ്തീർണ്ണമുള്ള 211 ശുദ്ധജലപാട ശേഖരങ്ങളിലും 2295 ഹെക്ടർ വിസ്തീർണ്ണമുള്ള 381 ഓരുജല പാടശേഖരങ്ങളിലും ഇതിനകം മത്സ്യക്കൃഷി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ കായലുകളിലെ അനുയോജ്യമായ പ്രദേശങ്ങളിൽ 6159 യൂണിറ്റ് കൂടിലെ മത്സ്യകൃഷി, 11275 യൂണിറ്റ് കല്ലുമ്മേക്കായ/കടൽമുരിങ്ങ കൃഷി എന്നിവ നടപ്പിലാക്കാൻ കഴിയുന്നതാണ്. ഇത്തരത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം അനുയോജ്യമായ സ്ഥലങ്ങളിൽ 1842 ഓരുജലക്കൂട് മത്സ്യകൃഷിയും 1353 യൂണിറ്റ് കല്ലുമ്മേക്കായ കൃഷിയും നടപ്പിലാക്കിയിരുന്നു. "എവിടെയെല്ലാം ജലാശയം അവിടെയെല്ലാം മത്സ്യം" എന്ന കാമ്പയിന്റെ ഭാഗമായി മേൽ പ്രസ്താവിച്ച രീതിയിൽ കണ്ടെത്തിയ മുഴുവൻ ജലാശയങ്ങളിലും അടുത്ത മൂന്നുവർഷംകൊണ്ട് മത്സ്യക്കൃഷി നടപ്പിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടികൾ

275(2312) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ലോക്ഡൗൺ കാലയളവിൽ വരുമാനം നിലച്ച സാധാരണക്കാർ വ്യാപകമായി വീടുകളോടനുബന്ധിച്ച് മത്സ്യക്കൃഷി ആരംഭിച്ചിട്ടുണ്ടെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കൃഷി വകുപ്പ് മുഖേന ഇത് പ്രോത്സാഹിപ്പിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ?

ഉണ്ട്. കൃഷി വകുപ്പ് നടപ്പിലാക്കുന്ന ജൈവഗൃഹം പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ആവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ ഫിഷറീസ് വകുപ്പ് മുഖേനയാണ് വിതരണം ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly